1. What constitute the precincts of the House;
2. Whether the alleged lathi charge took place within the precincts of the House;
3. Whether this has infringed the privileges of the Member or of the House or of the Speaker in any manner;
4. Whether the conduct of the Police was justifiable, and
5. If not, what action the Committee recommends?

I hope that all parties in the Legislature will come forward and co-operate with the Committee of Privileges to lay down healthy conventions in maintaining the independence, dignity and sanctity of the Legislature.

ശ്രീ. കെ. എം. ജാക്കോ: സർ, ഒരു പായിൻറ് ഓഫ് ഇൻഫർമേഷൻ. അസംബ്ലിയുടെ പ്രീസീടിംഗ്സ് എത്രമാത്രമെന്ന തീരുമാനിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: അതാണ പറഞ്ഞത്. കമ്മിറ്റി ഓഫ് പ്രിവിലേജസ് അതിനൊരു ഡെഫനിഷൻ ഉണ്ടാക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഒരു പായിൻറ് ഓഫ് ഇൻഫർമേഷൻ. റൂൾ 66 അനുസരിച്ച് ചീഫ്മിനിസ്റ്റർ എന്റെ ഒരു നോട്ടീസിനു മറുപടി പറയാമെന്ന സമ്മതിച്ചിരുന്നു. സെഷൻ ഇന്നു തീരുകയാണ്.

മി. സ്പീക്കർ: അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു വിശദീകരണം നൽകുന്നതാണ്. ബഹുമാനപ്പെട്ട മെംബർക്ക് ആ പ്രശ്നം ഇപ്പോൾ ഉന്നയിക്കാം.

Calling attention to matters of urgent public importance, under Rule, 66.

Taluk Reorganisation Committee.

ശ്രീ. പ്രാക്കുളം ഭാസി: സർ, അക്ടോബർ പത്താംതീയതി ഈ ഹൗസിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ് താലൂക്കുറീആർഗനൈസേഷൻ കമ്മിറ്റിയുടെ കാൺസ്റ്റിറ്റ്യൂഷനെപ്പറ്റിയുള്ള പ്രശ്നം. സ്റ്റേറ്റ് റീ ആർഗനൈസേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ ജോലി തുടരുന്നതു ശരിയാണോ? ഈ ഗവണ്മെൻറ് കമ്മിറ്റി കാൺസ്റ്റിറ്റ്യൂട്ടുചെയ്ത കാലഘട്ടത്തിലെ സംഭവവികാസങ്ങളല്ല ഇന്നു സംസ്ഥാനത്തുള്ളതെന്നും, പുതുതായി കേരളസംസ്ഥാനം രൂപമെടുക്കുമ്പോൾ താലൂക്കുകളും പകുതികളും എല്ലാം റീ ആർഗനൈസു ചെയ്യേണ്ടിവരികയില്ലേ എന്നും എല്ലാം ആലോചിച്ച് താലൂക്ക് കമ്മിറ്റിയുടെ പ്രവർത്തനം തുടരണമോ, കമ്മിറ്റി പിരിച്ചുവിടണമോ എന്നു സഭ ആലോചിക്കേണ്ടതാണ്. അതിനുവേണ്ടിയാണ് റൂൾ 66 അനുസരിച്ച് ഞാൻ ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു. ഈ അവസരത്തിൽ താലൂക്ക് അതിർത്തികളുടെ കാര്യം പറയുമ്പോൾ, കേരളാസ്റ്റേറ്റ് രൂപംകൊള്ളുന്ന അവസരത്തിൽ ചെങ്കോട്ട താലൂക്ക് എസ്. ആർ. സി. റിപ്പോർട്ടനുസരിച്ച് മദിരാശി സംസ്ഥാനത്തിലേയ്ക്കു ചേർക്കുകയാണ്. ചെങ്കോട്ടയെ സംബന്ധിച്ചിടത്തോളം താലൂക്ക് കന്നായി മദിരാശിയോടു ചേർക്കുന്

LIBRARY ARCHIVES Kerala Legislative Assembly

പാടില്ലെന്നും, Enclave മാത്രം ചേർത്താൽമതിയെന്നും പല പാർട്ടികളും മുൻപു പ്രമേയം പാസ്സാക്കിയിട്ടുള്ളതാണു്. സർ, ഈ രാജ്യത്തെ മുഖ്യമന്ത്രി സംസ്ഥാന പുനഃസ്സംഘടനാക്കമ്മിഷൻ റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിൽ ഡോ. ഹിയറിംഗ് ചർച്ചചെയ്യാൻപോകുന്ന വേളയിൽ ചെങ്കോട്ടയുടെ കാര്യം പ്രത്യേകം ഓർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ: ഏതു പാർട്ടികളാണു ചെങ്കോട്ടയെപ്പറ്റി പ്രമേയം പാസ്സാക്കിയിട്ടുള്ളതു്?

ശ്രീ. പ്രാക്കുളം ഭാസി: ഞാനുപ്പെടുന്ന ആർ. എസ്. പി. അങ്ങനെ പ്രമേയം പാസ്സാക്കിയിട്ടുണ്ടു്. മറ്റു പാർട്ടികളും അതു ചെയ്തിട്ടുണ്ടെന്നറിയാം.

സർ, അച്ചൻകോവിൽ ആറും, കല്ലടയാറും ഉത്ഭവിക്കുന്ന സ്ഥലവും 'പുളിയറ' എന്ന പ്രകൃതിയും ഈ സംസ്ഥാനത്തോടു ചേർന്നിൽക്കേണ്ട ഒരു ഭൂവിഭാഗമാണു്. ചെങ്കോട്ടയാലുള്ള മുഴുവനും നമ്മുടെ സംസ്ഥാനത്തിനു നഷ്ടപ്പെടാതിരിക്കാൻ മുഖ്യമന്ത്രി വേണ്ടതു ചെയ്യണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് റൂൾ 66 അനുസരിച്ചുള്ള ഈ മെമ്മോറാണ്ടം ഇവിടെ ചർച്ചാവിഷയമാക്കുകയാണു്. ഇതിൽ കൂടുതലായി ഒന്നും പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

Chief Minister (SHRI PANAMPILLI GOVINDA MENON): I don't want to refer to the Shencotta Taluk or any other Taluk, because the question raised is quite different. The Committee mentioned by the hon. Member commenced its sittings on 1-8-1955, and five meetings have been held. Proposals concerning the Trivandrum District came up for finalisation on the 17th of this Month. The term of the Committee expires on the first of November. Recommendation has been made for extension of the term up to the end of January 1956. The terms of reference of the Committee are-

(1) Regrouping of Taluks having regard to the population, accessibility, administrative convenience and homogeneity of interests;

(2) Redistribution of Villages having regard to population, accessibility, administrative convenience and homogeneity of interests;

(3) Readjustment of Villages consequent on the integration of Travancore and Cochin having regard to administrative convenience.

(4) Reorientation of the duties and functions of the officers of the Land Revenue Department in relation to recent legislations, local self governing institutions N. E. S. Blocks and other incidental matters.

LIBRARY ARCHIVES Kerala Legislative Assembly

[SHRI PANAMPILLI GOVINDA MENON]

The question has been raised whether, in view of the impending re-organisation of the States and especially when the proposals for resurvey has not been countenanced by the Central Government, the Committee need continue its Labours. The distribution of Villages in the Travancore-Cochin State is a long felt necessity from the point of view of Revenue administration. The idea is to get at sizable units for the purpose. No steps have been however taken in the matter ever since the settlement in 1058 to 1085. In any future set up such a redistribution would help easy administration and collection of revenue. Similarly the readjustment of Villages on the border between erstwhile Travancore and Cochin States is a step which is urgently called for. So also, in regard to the re-orientation of the functions and duties of the officers of the Land Revenue Department. The question whether the regrouping of Taluks should be taken up immediately will be considered. It should be noted that the taluks of Malabar are unwieldy and may require regrouping on the basis of the standard obtaining in the Travancore-Cochin State. In the circumstances, I wish to state before this House that the question raised by the hon. Member will be considered, and such alone of the steps as will be really needed immediately will be pursued.

ശ്രീ. പി. കെ. യശോധരൻ: സർ, എന്റെ ഒരു ചോദ്യത്തിന് മുഖ്യമന്ത്രി ഒരു പ്രസ്താവന ചെയ്യാമെന്നു സമ്മതിച്ചിരുന്നു.

MR. SPEAKER: I am coming to that. I am asking the Chief Minister to make the statement.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കുന്ന ചോദ്യം സ്റ്റേറ്റ് റീ ഓർഗനൈസേഷൻ വരുന്നതുകൊണ്ടു നമ്മുടെ പ്ലാനിൽ എന്തെങ്കിലും ഭേദഗതി ചെയ്യേണ്ടതുണ്ടോ എന്നാണ്. അതു വേണമെന്നില്ല. എന്തുകൊണ്ടെന്നാൽ, ഏപ്രിൽ ഒന്നാംതീയതിമുതലാണ് ഈ പ്ലാനുകാലം പ്രവർത്തനം ആരംഭിക്കുന്നതു്. നമ്മുടെ സ്റ്റേറ്റിന്റെ ചില ഭാഗങ്ങൾ പോകുകയോ, സ്റ്റേറ്റിൽ ചില ഭാഗങ്ങൾ ചേരുകയോ ചെയ്യുന്നതുകൊണ്ടു പ്ലാനിന്റെ പ്രവർത്തനങ്ങൾക്കു് സാരമായ വ്യത്യാസങ്ങളൊന്നും വരികയില്ല. നമ്മുടെ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങളെല്ലാം ഏതേതു സ്റ്റേറ്റിനെ വേണ്ടിയാണോ, അതതു സ്റ്റേറ്റുകൾക്കുതന്നെ ചെലവുചെയ്യാൻ സാധിക്കത്തക്ക ഒരു നിലപാടാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളതു്. തിരുവിതാംകൂർ-കൊച്ചിക്കു് നിശ്ചിതമായ ചെലവു നിർവ്വഹിക്കാൻ സാധിക്കുന്നതാണ്. അങ്ങനെതന്നെ ചെയ്യാൻ സാധിക്കുമെന്നു പ്ലാനിംഗ് കമ്മീഷൻ ഡപ്യൂട്ടി ചെയർമാൻ സമ്മതിച്ചിട്ടുമുണ്ടു്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 'എക്സ്'

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയോണ ചെലവുചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ, സംസ്ഥാന പുനഃസംഘടനയിൽ വന്നാൽതന്നെയും മൊത്തം തുകയിൽ ഒരു മാറ്റവും വരാൻപോകുന്നില്ല. മദ്രാസ് സ്റ്റേറ്റിൽനിന്നു ഏതെങ്കിലും ഭാഗം നമ്മുടെ സ്റ്റേറ്റിനോടു ചേർക്കുന്നതെങ്കിൽ, ആ ഭാഗത്തിനുവേണ്ടി മദ്രാസിലെ പ്ലാനിന്റെ സംഖ്യ ഗവണ്മെന്റിനു നിന്നും ചുരുക്കുന്നതിനു നിർബന്ധിതമാവും.

ശ്രീ. ടി. കെ. ദിവാകരൻ: പ്ലാനിൽ ഓരോ ഡിസ്ട്രിക്റ്റിനും തുക പ്രത്യേകം അനുവദിക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുവിധത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ഓരോ ഡിസ്ട്രിക്റ്റിന്റെ പരിഗണനയിൽ അതാതിന്റെ ആവശ്യങ്ങൾക്കു; പിന്നെ, വിദ്യാഭ്യാസം മുതലായ സാമാന്യ ആവശ്യങ്ങൾക്കു, അതായതു് കൂടുതൽ സ്കൂളുകൾ, ആശുപത്രികൾ മുതലായവയ്ക്കു്. അതു ജനസംഖ്യയുടെ പ്രതിനിധിച്ചായിരിക്കും.

ശ്രീ. പി. കെ. യശോധരൻ: മദ്രാസ് സംസ്ഥാനം മലബാറിനെ അവഗണിച്ചിരിക്കുകയാണെന്നുള്ള വിവരം അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാനല്ല അതു പറയേണ്ടതു്.

മി. സ്പീക്കർ: ഇതിനെക്കുറിച്ചു ഡിസ്കഷൻ അനുവദിക്കാൻ നിവൃത്തിയില്ല. ചീഫ് മിനിസ്റ്റർ അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റ് മുൻപിൽ വച്ചിരിക്കുകയാണു്. അതിൽ കവിഞ്ഞൊന്നും ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, നമ്മുടെ പ്ലാൻ അനുസരിച്ചു് നമ്മുടെ ഗവണ്മെന്റിന്റെ അധികാരപരിധിയിൽപ്പെട്ട സ്റ്റേറ്റിനകത്തുള്ള എല്ലാ പ്രവർത്തനങ്ങളും തുടർന്നുപോകുന്നതിനു് സാധിക്കുന്നതാണു്. സംസ്ഥാനങ്ങൾ എന്തു മാറ്റംവന്നാലും ഇപ്രകാര പ്രവർത്തനങ്ങൾ കുഴപ്പംകൂടാതെ തുടരുന്നതായിരിക്കും.

MR. SPEAKER: Now, let us go to Legislative Business.

LEGISLATIVE BUSINESS.

The Travancore-Cochin Debt Relief Bill.

Motion for extension of time for Select Committee Report.

Home Minister (SHRI A. J. JOHN): I move that the time for the making of the Report of the Select Committee on the Travancore-Cochin Debt Relief Bill be extended up to the 31st March 1956.

Minister for Health (SHRI A. A. RAHIM): I second it.

ശ്രീ. പി. വി. അബ്ദുറഹിമാൻ: സർ, റൂൾ 87 അനുസരിച്ചു്, ഒരു നിയമസഭ കഴിഞ്ഞാൽ, അടുത്ത നിയമസഭ കൂടുന്നതിനു മുൻപു് സെലക്ട് കമ്മിറ്റി വിളിച്ചുകൂട്ടണമെന്നുണ്ടു്. ഇതിന്റെ സെലക്ട് കമ്മിറ്റി ഇതുവരെ വിളിച്ചുകൂട്ടിയിട്ടില്ല. കാരണം എന്താണെന്നറിഞ്ഞാൽകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly